**പതിമൂന്നാം കേരള നിയമസഭാ**
**അഞ്ചാമത് സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1743 18-6-2012-ലെ മറുപടിക്ക്**

**ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം<br>ശ്രീ.എം. ഹംസ | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനായി നിയോഗിച്ച ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ;<br><br>ലഭ്യമായിട്ടുണ്ടെങ്കിൽ പ്രധാന നിയമങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം നിയമങ്ങൾ ആണ് അനിവാര്യമായും പരിഷ്ക്കരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിനായി നിയോഗിച്ച ജസ്റ്റീസ് വി. ആർ.കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് 2009 ജനുവരി 26-ന് സർക്കാരിന് സമർപ്പിച്ചിരുന്നു.<br><br>നിലവിൽ കാലഹരണപ്പെട്ടതായി കമ്മീഷൻ ശുപാർശ ചെയ്ത 107 നിയമങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു റിപ്പീലിംഗ് ആന്റ് സേവിംഗ്സ് ബില്ല് തയ്യാറാക്കുന്നതിലേക്കായി അത്തരം നിയമങ്ങൾ നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത അഭിപ്രായം ലഭിക്കുന്നതനുസരിച്ച് ആ നിയമങ്ങൾ പരിഷ്കരിക്കുന്നതാണ്. |
| (ബി) പ്രസ്തുത നിയമങ്ങൾ പരിഷ്കരിക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് : | പ്രസ്തുത നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (സി) നിയമങ്ങൾ മാതൃഭാഷയിലേക്ക് തർജ്ജമ ചെയ്യുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; ഇനിയും തർജ്ജമ ചെയ്യപ്പെടാൻ അവശേഷിക്കുന്ന നിയമങ്ങൾ ഏതെല്ലാം എന്ന് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. | നിയമസഭ പാസ്സാക്കുന്ന എല്ലാ ആക്റ്റുകളും ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുന്നുണ്ട്. മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടില്ലാത്ത ആക്റ്റുകൾ കണ്ടെത്തി തർജ്ജമ ചെയ്യുന്നതിനുള്ള നടപടികൾ 2-3-2012-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 78/2012/നിയമം നമ്പർ പ്രകാരം രൂപീകൃതമായ നിയമ (ഔദ്യോഗിക ഭാഷാ- പ്രസിദ്ധീകരണ സെൽ) വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ഡി) ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യരുടെ നിയമ പരിഷ്കരണ റിപ്പോർട്ടിലെ എതെങ്കിലും നിയമം പരിഷ്ക്കരിക്കു- ന്നതുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉള്ളതായി ശ്രദ്ധയിലുണ്ടോ: ഏതെല്ലാം നിർദ്ദേശങ്ങളെ സംബന്ധിച്ചാണ് വിവാദങ്ങൾ ഉടലെടുത്തത് ? | ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

Renuka R.

സെക്ഷൻ ഓഫീസർ